# സഭയിലെ സമുന്നത പദവികൾ മാറാ കൈസ്ഥാനമാകരുത്

## കെ. എം. വറുഗീസ് തുമ്പമൺ

നാല് മാസത്തിനുശേഷം പുതിയ വൈദിക-അവൈദിക ട്രസ്റ്റിമാരെ തെരഞ്ഞെടുക്കുന്നതിനു മലങ്കരസഭ തീരുമാനിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ സഭയിൽ ട്രസ്റ്റികൾ ഉണ്ടാകാനുള്ള പശ്ചാത്തലവും അവരുടെ സ്ഥാനവും ജോലികളും ഇന്നത്തെ സ്ഥിതിഗതികളും അവലോകനം ചെയ്യുന്നതു സമയോചിതമായിരിക്കുമെന്നു കരുതുന്നു.

മലങ്കരസഭയും സി.എം.എസ്. മിഷനറിമാരും തമ്മിലുള്ള രണ്ടു ദശാബ്ദക്കാലത്തെ സഹകരണം 1836-ലെ മാവേലിക്കര പടിയോലപ്രകാരം അവസാനിച്ചു. ഈ ചുറ്റുപാടിൽ സഹകരണകാലത്തു സമ്പാദിച്ച കൂട്ടുസ്വത്തുക്കൾ 1840-ൽ ഉണ്ടായ കൊച്ചിൻ അവാർഡുപ്രകാരം വിഭജിക്കപ്പെട്ടു. അവാർഡനുസരിച്ചു മലങ്കരസഭയ്ക്കു ലഭിച്ച സ്വത്തുക്കൾ പ്രധാനമായും പഴയസെമിനാരി, വട്ടിപ്പണ ട്രസ്റ്റുഫണ്ടിന്റെ പലിശ എന്നിവയാണ്. ഈ സ്വത്തുക്കൾ മലങ്കര മെത്രാപ്പോലീത്തായും അതതുകാലത്തെ മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കുന്ന വൈദികട്രസ്റ്റിയും അവൈദിക ട്രസ്റ്റിയും ചേർന്ന് ഭരിക്കണമെന്ന് കൊച്ചിൻ അവാർഡിൽ വ്യവസ്ഥ ചെയ്തിരുന്നു. ഇങ്ങനെയാണ് മലങ്കരസഭയുടെ ക്ലിപ്തമായ പൊതുസ്വത്തുക്കൾക്ക് മൂന്നു ട്രസ്റ്റിമാർ ഉണ്ടായത്. മലങ്കര സഭാദ്ധ്യക്ഷൻ ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ സ്ഥിരനിക്ഷേപമായി മൂവായിരം പൂവരാഹൻ (10500 രൂപ) എട്ടു ശതമാനം പലിശയ്ക്കു (വട്ടി) ഏല്പിച്ചിരുന്നു. ഇതിന് ഒരുവർഷം 840 രൂപയാണു പലിശ. മുതൽ ലോകാവസാനത്തോളം ആർക്കും എടുക്കാൻ സാധ്യമല്ല. പലിശയ്ക്ക് അർഹതയുള്ളത് യഥാർത്ഥ മലങ്കര മെത്രാപ്പോലീത്താ ഭരിക്കുന്ന സഭയ്ക്കാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അബ്ദുള്ളാ പാത്രിയർക്കീസ് ഇവിടെ വന്ന് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയശേഷം ആലുവായിലെ പൗലോസ് മാർ അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചു. തുടർന്നുണ്ടായ തർക്കത്തിൽ വട്ടിപ്പണത്തിന്റെ പലിശ യഥാർത്ഥ മലങ്കര മെത്രാപ്പോലീത്തായ്ക്കു നൽകുന്നതിനുള്ള ഗവൺമെന്റിന്റെ ശ്രമത്തെ മുൻനിർത്തിയാണ് വട്ടിപ്പണക്കേസുണ്ടായത്. വട്ടിപ്പണത്തിന്റെ പലിശയല്ല മുഖ്യപ്രശ്നം. ആരാണു യഥാർത്ഥ മലങ്കര മെത്രാപ്പോലീത്താ എന്നു കോടതിക്കു തീരുമാനിക്കേണ്ടി വന്നു. ഈ പ്രശ്നം ചെറിയ കോടതികൾ വഴി ഹൈക്കോടതിയിൽ എത്തുകയും അവിടെനിന്നു സുപ്രീം കോടതിയിൽ കടക്കുകയും ഒടുവിൽ 1958-ൽ ഗീവറുഗീസ് രണ്ടാമൻ ബാവായാണു യഥാർത്ഥ മലങ്കര മെത്രാപ്പോലീത്താ എന്നു സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് വിധിക്കുകയും ചെയ്തു. പലിശയ്ക്കു വേണ്ടിയാണു കേസ് നടത്തിയതെന്നു വിവരദോഷികൾ വിശ്വസിക്കുകയും പറയുകയും ചെയ്യുന്നുണ്ടെങ്കിലും സഭയുടെ മൗലിക സ്വാതന്ത്ര്യം എന്നതായിരുന്നു കേസിലെ കാതലായ പ്രശ്നം.

പ്രശസ്തരായ വൈദികരും അവൈദികരും കഴിഞ്ഞ 150 വർഷത്തിനിടയിൽ ട്രസ്റ്റിമാരായിരുന്നിട്ടുണ്ട്. നേരത്തെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയായിരുന്നു വട്ടിപ്പണപ്പലിശ വാങ്ങിവന്നത്. കൂട്ടുട്രസ്റ്റിമാർ ആദ്യമായി നിയമിതരാകുന്നത് 1869-ൽ ആണ്. മലങ്കര അസോസിയേഷനാണ് ഇവരെ തെരഞ്ഞെടുത്തത്. ആദ്യത്തെ വൈദികട്രസ്റ്റി താഴത്തു ചാക്കോ ചാണ്ടപ്പിള്ള കത്തനാരായിരുന്നു. 1886-ൽ കോനാട്ടു കോര യോഹന്നാൻ മല്പാനെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തു. പിന്നീട് 1895-ൽ കോനാട്ടു കോര മാത്തൻ മല്പാൻ വൈദിക ട്രസ്റ്റിയായി.

അബ്ദുള്ളാ പാത്രിയർക്കീസ്, മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ അകാരണമായി മുടക്കിയതിനെ തുടർന്നു പാത്രിയർക്കീസ് ഭാഗത്തു ചേർന്നു കോനാട്ടു മാത്തൻ മല്പാനെയും അദ്ദേഹത്തോടൊപ്പം നിന്ന അവൈദികട്രസ്റ്റി സി. ജെ. കുര്യനെയും വട്ടശ്ശേരിൽ തിരുമേനി കറിവേപ്പിലപോലെ എടുത്തെറിഞ്ഞശേഷം വൈദിക ട്രസ്റ്റിയായി പാലപ്പള്ളി മാണി പൗലോസ് കത്തനാരെയും അവൈദിക ട്രസ്റ്റിയായി ചിറക്കടവിൽ കോര കൊച്ചുകോരുളയേയും തെരഞ്ഞെടുത്തു.

പിന്നീട് 1958-ൽ പുത്തൻകാവിൽ ചേർന്ന അസോസിയേഷൻ സഭാകേസുകളുടെ നടത്തിപ്പുകാരനായിരുന്ന മണലിൽ യാക്കോബ് കത്തനാരെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തപ്പോൾ ട്രസ്റ്റിക്കു കാലാവധി നിശ്ചയിക്കണമെന്ന് അദ്ദേഹം നിഷ്കർഷിക്കുകയും കാലാവധി കഴിഞ്ഞ ദിവസം തന്നെ സ്ഥാനം ഒഴിയുകയും ചെയ്തു. ട്രസ്റ്റിസ്ഥാനം മാറാക്കൈസ്ഥാനമല്ലെന്നു പ്രവൃത്തി മൂലം കാണിച്ചുകൊടുത്ത മണലിൽ അച്ചനാണു വൈദിക ട്രസ്റ്റിമാരിൽ എന്തുകൊണ്ടും ഇക്കാര്യത്തിൽ സമുന്നതൻ.

പിന്നീട് 1965-ൽ തെങ്ങുംതോട്ടത്തിൽ റ്റി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പായും 1982-ൽ കോനാട്ട് ഏബ്രഹാം മല്പാനും 1987-ൽ ഫാ. മത്തായി നൂറനാലും തെരഞ്ഞെടുക്കപ്പെട്ടു. 1987-ൽ ആണ് ട്രസ്റ്റി സ്ഥാനത്തേക്കു ആദ്യമായി വോട്ടെടുപ്പു നടത്തപ്പെട്ടത്. 2004-ൽ ഫാ. ഡോ. ഒ. തോമസും തുടർന്ന് ഇപ്പോഴത്തെ ട്രസ്റ്റി കോനാട്ട് ഫാ. ഡോ. ജോൺസ് ഏബ്രഹാമും വോട്ടെടുപ്പിലൂടെ വൈദിക ട്രസ്റ്റിമാരായി. ട്രസ്റ്റികൾക്കു കാലാവധി നിശ്ചയിക്കേണ്ടതാണെന്ന മണലിൽ അച്ചന്റെ നിർദ്ദേശവും സന്മാതൃകയും മേലിൽ ട്രസ്റ്റിമാർ നിശ്ചയമായും സ്വീകരിക്കുകയും ഒരു തവണയിൽ കൂടുതൽ പ്രസ്തുത പദവികളിൽ തുടരുകയും ചെയ്യരുത്. വോട്ടെടുപ്പിലല്ലാതെ തന്നെ എല്ലാവിധത്തിലും യോഗ്യരായ ട്രസ്റ്റികളെ പ്രബുദ്ധരായ അസോസിയേഷൻ അംഗങ്ങൾ പ്രലോഭനങ്ങൾക്ക് അതീതരായി കണ്ടെത്തിയാൽ അതു കൂടുതൽ അഭിമാനകരം ആയിരിക്കും. വോട്ടുപിടിച്ചു മത്സരിക്കാൻ ഉന്നതമായ സഭാസ്നേഹവും ധാർമ്മിക ജീവിതവുമുള്ള പലരും മടിക്കും.

ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദായ്ക്കുപകരം ഒരാളെ പ്രാർത്ഥനാപൂർവ്വം തെരഞ്ഞെടുക്കുന്നതിനുവേണ്ടി പൗലോസും മറ്റും ചേർന്നു കുറിയിട്ടപ്പോൾ, കുറി മത്ഥിയാസിനു വീണു. മത്ഥ്യാസിനോടൊപ്പം രംഗത്ത് ഉണ്ടായിരുന്ന ബർശബാ എന്ന ജോസഫിനു കുറി വീണില്ല. ഇവർ ഇരുവരും നേരത്തെ പ്രചരണം നടത്തുകയോ വോട്ടുപിടിക്കുകയോ ചെയ്തതായി വേദ പുസ്തകത്തിൽ കാണുന്നില്ല. ഇതുപോലെ തന്നെ ചേപ്പാട്ടു മാർ ദീവന്നാസ്യോസിനെ നാലുപേരിൽനിന്നു തെരഞ്ഞെടു ത്തത് കുറിയിട്ടാണ്. അതിനു മുമ്പ് അവരാരും തന്നെ പ്രചരണം നടത്തുകയോ വോട്ടു പിടിക്കുകയോ ചെയ്തിട്ടില്ല. പവിത്ര മായ ഒരു പദവിയിലേക്കു ഒരു തത്വദീക്ഷയും കൂടാതെ രാഷ്ട്രീയ നിലവാരത്തിലുള്ള വോട്ടുപിടിത്തവും നോട്ടെറിയലും ഒന്നും ആവശ്യമില്ല. അതേസമയം പള്ളിപ്രതിപുരുഷന്മാർക്കു സ്ഥാനികളെ തെരഞ്ഞെടുക്കുന്നതിനു അവകാശം സഭാ ഭര ണഘടനയിൽ അസന്നിഗ്ദ്ധമായി ഉറപ്പു ചെയ്തിട്ടുണ്ട്.

ഏതെങ്കിലും ഒരു മേല്പട്ടക്കാരൻ പറഞ്ഞിട്ടാണു താൻ സ്ഥാനാർത്ഥിയായി മത്സരിക്കുന്നതെന്നുള്ള ഏതെങ്കിലും ഒരാ ളുടെ നിലപാടു വെറും ഗൂഢതന്ത്രമാണ്. മേല്പട്ടക്കാർക്കു സ്വന്തം സ്ഥാനാർത്ഥിയെ നിറുത്താനുള്ള അധികാരമോ അവകാ ശമോ ഭരണഘടന നൽകുന്നില്ല. തെരഞ്ഞെടുപ്പിനുള്ള അധികാരം ഇടവകകൾ മലങ്കര അസോസിയേഷനിലേക്കു തെര ഞ്ഞെടുത്തു വിടുന്നവർക്കു മാത്രമുള്ളതാണ്. തന്നിമിത്തം യോഗ്യതയുള്ളവരെ തെരഞ്ഞെടുത്തു വിടണം. ആ അധികാരം അവിഹിത സ്വാധീനം കൊണ്ടും പണം എറിഞ്ഞുകൊണ്ടും അട്ടിമറിക്കുന്നതു ധാർമ്മികതയ്ക്ക് ഒട്ടും നിരക്കുന്നതല്ല. "നിന്നെ കൂടാതെയും ലോകം മുന്നോട്ടു പോകു"മെന്നുള്ള ആപ്തവാക്യം മഹാകവി പൂന്താനം പറയുന്നതുപോലെ "സ്ഥാനമാന ങ്ങൾ തേടി നാണമില്ലാതെ നടക്കുന്നവർ" ഓർത്തിരിക്കേണ്ടതാണ്.

യഥാർത്ഥത്തിൽ ഇപ്പോൾ യാതൊരധികാരവും ഇല്ലാത്ത ട്രസ്റ്റിസ്ഥാനത്തേക്കു കോടികൾ ചെലവാക്കി വോട്ടുപിടിക്കു ന്നതും തങ്ങൾ മാത്രമാണു യോഗ്യരെന്നും സ്വയം കാണിച്ചു പല നോട്ടീസുകൾ അച്ചടിച്ച് കാര്യവിവരമുള്ള അസോസിയേ ഷൻ അംഗങ്ങൾക്ക് അയച്ചുകൊടുക്കുന്നതും, മിമിക്രിക്കാരെ കാശു കൊടുത്തു തനിക്കു പകരം വച്ച് ഫോണിലൂടെയും മറ്റും വോട്ടുതെണ്ടി അസോസിയേഷൻ അംഗങ്ങളെ നിരന്തരം ശല്യപ്പെടുത്തുന്നതും അല്പത്വമായിട്ടേ വിവരമുള്ള പല സഭാ സ്നേഹികളും കണക്കാക്കുകയുള്ളു. ആദ്യകാലം മുതലുള്ള മിക്ക ട്രസ്റ്റികളും ദൈവാശ്രയത്തോടെ സഭയെ സേവിച്ചവരും നിഗളം പൂശാത്തവരുമായിരുന്നുവെന്ന് സഭാചരിത്രം സാക്ഷിക്കുന്നുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ടു പരിഗണിക്കാവുന്നതും ഇപ്പോഴത്തെ വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം, ഈയിടെ പ്രസിദ്ധീകരിച്ച "വീയപുരം ഇരതോടു സെന്റ് ജോർജ് പള്ളി"യുടെ ദ്വിശതാബ്ദി സ്മരണികയിൽ എഴുതിയതു മായ "മലങ്കര അസോസിയേഷനും ഇടവകപ്പള്ളികളും" എന്ന ശ്രദ്ധേയമായ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. "1934-ൽ മലങ്കരസഭയ്ക്ക് ഒരു ഭരണഘടന ഉണ്ടായപ്പോഴും സഭയിലെ മുൻകാല ജനാധിപത്യ തത്വങ്ങൾ സംരക്ഷിക്കപ്പെട്ടു. ഇടവക പ്പള്ളി പൊതുയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദികനും രണ്ടു അവൈദികരും ഒരുമിച്ചു കൂടുന്ന മലങ്കര സുറി യാനി ക്രിസ്ത്യാനി അസോസിയേഷനാണ് സഭാതലവൻ, മേല്പട്ടക്കാർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, വൈദിക ട്രസ്റ്റി, അത്മായട്രസ്റ്റി എന്നിവരെ തെരഞ്ഞെടുക്കാനുള്ള അവകാശം. അങ്ങനെ സഭയുടെ പൊതുസ്ഥാനികളെയെല്ലാം തെരഞ്ഞെ ടുക്കുന്നതിൽ ഇടവകജനങ്ങൾക്കും വൈദികർക്കും സുപ്രധാന പങ്കു ലഭിക്കുന്നു. 1995-ലെ സുപ്രീംകോടതിവിധിയോടെ പ്രാതിനിധ്യം ഒന്നു കൂടെ പൂർണ്ണമായി തീർന്നു."

അലങ്കാര മത്സ്യങ്ങളെപ്പോലെ അധികാരവും സ്വാതന്ത്ര്യവും ഇല്ലാത്ത വൈദിക-അവൈദിക ട്രസ്റ്റികൾ ഇന്ന് യഥാർത്ഥ ത്തിൽ കോർഎപ്പിസ്കോപ്പാമാരുടെ ഇടക്കെട്ടുപോലെയോ അജഗളസ്തനങ്ങൾപോലെയോ കാഴ്ചവസ്തുക്കളായി മാറിയി രിക്കുന്നു എന്നതാണു വസ്തുത.